Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
*Ref: 884/KCBC/K-6/KPR/DS*

17.12.20122

**ബഫർ സോൺ: ശാശ്വത പരിഹാരത്തിന് സർക്കാർ ഉടൻ ഇടപെടണം – കെസിബിസി**

കൊച്ചി: ബഫർ സോൺ പ്രദേശങ്ങളെ സംബന്ധിച്ച് പരാതികൾ ഉണ്ടെങ്കിൽ മതിയായ പൊതുജന താത്പര്യം മുൻനിർത്തി അവിടെയുള്ള നിർമ്മിതികളുടെ റിപ്പോർട്ടുകൾ തയ്യാറാക്കി, പുന:പരിശോധനക്കായി സുപ്രീം കോടതിയെ സമീപിക്കാൻ സർക്കാരുകൾക്ക് മാത്രം അവസരം നൽകിക്കൊണ്ടാണ് 2022 ജൂൺ മാസം മൂന്നാം തീയതി വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ ആകാശദൂരം ബഫർ സോൺ ആയി സുപ്രീം കോടതി ഉത്തരവിട്ടത്. സംസ്ഥാന സർക്കാർ കൃത്യമായ ഡാറ്റയുടെ പിൻബലത്തിൽ സമീപിച്ചാൽ ബഫർ സോൺ സംബന്ധിച്ച ആവശ്യമായ ഭേദഗതികൾക്ക് സുപ്രീംകോടതി സന്നദ്ധമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ, ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്ന സത്വര നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതെന്ന് കെസിബിസി പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ പ്രസ്താവിച്ചു.
കേരള സർക്കാർ 23 വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള 115 പഞ്ചായത്തുകളിലായി പരന്നുകിടക്കുന്ന പരിസ്ഥിതിലോല മേഖലയിലുള്ള ജനവാസ മേഖലകളേയും അവിടെയുള്ള ഭവനങ്ങൾ, സർക്കാർ – അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ഇതര നിർമ്മിതികൾ, കൃഷിയിടങ്ങൾ എന്നിവയുടെ കണക്കെടുക്കുവാൻ റിമോട്ട് സെൻസിംങ് ആൻറ് എൻവയൺമെൻറ് സെന്ററിനെയാണ് ചുമതലപ്പെടുത്തിയത്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടിന്റെ വസ്തുതാപരിശോധന പരിസ്ഥിതിലോല പ്രദേശങ്ങളിൽ നേരിട്ട് നടത്തുന്നതിനായി ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ അദ്ധ്യക്ഷനായി ഒരു അഞ്ചംഗ വിദഗ്ധ സമിതിയെയും സെപ്റ്റംബറിൽ നിയോഗിച്ചു. ഈ സമിതിക്ക് 115 പഞ്ചായത്തുകളിലും നേരിട്ട് എത്തി വസ്താ പരിശോധന നടത്തുന്നതിന് സാവകാശം കിട്ടിയെന്നു കരുതാനാവില്ല. അതിനാൽ പഞ്ചായത്തുകളുടെ സഹകരണത്തോടെ പഠനം നടത്തി സമയബന്ധിതമായി വസ്തുതാ റിപ്പോർട്ട് തയ്യാറാക്കുന്നത് ജനങ്ങൾക്ക് സഹായകരമായിരിക്കും.

11.12.2022-ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിന്മേലുള്ള ആശങ്കകൾ അറിയിക്കാനുള്ള സമയപരിധി 23.12.2022 എന്ന് നിശ്ചയിച്ചത് തീർത്തും അപ്രായോഗികമാണ്. ആക്ഷേപങ്ങൾ പരിഹരിക്കാൻ കൂടുതൽ സമയം ആവശ്യമാണ്. ഇതിൻെറ ഫലപ്രദമായ നടത്തിപ്പിനായി കെസിബിസി നേരത്തെ ആവശ്യപ്പെട്ടിരുന്നതുപോലെ ഗ്രാമ പഞ്ചായത്തുകളിൽ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കണമെന്ന് വനം വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത് 115 പഞ്ചായത്തുകളിലും ആവശ്യമാണ്. അവിടെയെല്ലാം ഉദ്യോഗസ്ഥരും കർഷക പ്രതിനിധികളുമടങ്ങിയ ടാസ്ക് ഫോഴ്സിനേയും ചുമതലപ്പെടുത്തേണ്ടതുണ്ട്. മാത്രമല്ല, പട്ടയമോ സർവ്വേ നമ്പറോ ലഭിക്കാതെ പതിറ്റാണ്ടുകളായി ഈ മേഖലകളിൽ കഴിയുന്ന കർഷകരുടെ വിഷയവും ഏറെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്.

വന്യജീവി സങ്കേതങ്ങൾ ജനവാസ കേന്ദ്രങ്ങളുമായി അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ സംരക്ഷിത വനത്തിന്റെ ഒരു കിലോമീറ്റർ എങ്കിലും ഉള്ളിലേക്ക് മാറ്റി വന്യജീവി സങ്കേതങ്ങളുടെ അതിർത്തി പുനഃനിർണയിച്ച് കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിനെ ബോധ്യപ്പെടുത്തി സുപ്രീം കോടതി വഴി പ്രശ്നത്തിന് ശാശ്വത പരിഹാരം തേടണമെന്ന ജനങ്ങളുടെ സുപ്രധാന ആവശ്യം ഗൗരവമായും സത്വരമായും സർക്കാർ പരിഗണിക്കേണ്ടതുമാണെന്ന് കർദിനാൾ ക്ലീമിസ് ബാവ പ്രസ്താവിച്ചു.

ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ/ഔദ്യോഗിക വക്താവ്, കെസിബിസി
ഡയറക്ടർ, പിഒസി.

PRESIDENT
His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

VICE-PRESIDENT
His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

SECRETARY GENERAL
His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chovva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
POC, PB No. 2251
Palarivattom, Kochi-685 025
Ph: 0484-2805815,
2805722
Email: jacobgpala@gmail.com